Draft #3 of File 109/P&D 3/1/2019/REG SECT Approved by DEPUTY REGISTRAR (P & D) on 16-Nov-2020 10:56 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

സർവകലാശാല ക്യാമ്പസ്സിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി ഏറ്റുമാനൂർ എം. എൽ. എ അഡ്വ.സുരേഷ് കുറുപ്പ് നൽകിയ അപേക്ഷ സംബന്ധിച്ച് 13/ 10/ 2020 -ൽ ചേർന്ന സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**എസ് സി / എസ് ടി സെൽ**

നമ്പർ. 5425/SC/ST Cell/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 16.11.2020

*പരാമർശം:*-(1) 12/1/2018 ലെ കായിക യുവജനകാര്യ (എ )വകുപ്പിന്റെ 1728378 / എ 3 / 2017 / കാ .യു .വ നമ്പർ കത്ത്

(2) 22/ 12/ 2018 -ൽ ശ്രീ:സുരേഷ് കുറുപ്പ് MLA സർവ്വകലാശാലയ്ക്ക് നൽകിയ കത്ത്

(3) 13/ 10/ 2020 -ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് (ഇനം നമ്പർ 95/ 19 .02 /109/ 2019/ REG SECT/DDFS (190155 )

(4) യു ഓ നം.5340/SC/ST Cell/2020/എം.ജി.യു തീയതി .11.11.2020

(5) 13/ 10/ 2020 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ. ഒ.എ .8/17.11

**ഉത്തരവ്**

കിഫ്ബി ധനസഹായത്തോടെ സൂസൻ മേബിൾ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള 10 ഏക്കർ സ്ഥലം സംസ്ഥാന കായിക യുവജന ക്ഷേമ വകുപ്പിന് വിട്ടുനൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അതിനായി ഒപ്പുവെക്കേണ്ട ധാരണാപത്രത്തിന്റെ കരട് ഉള്ളടക്കം ചെയ്തു കൊണ്ട് പരാമർശം ( 1 ) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ധാരണാപത്രത്തിൽ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ധാരണാപത്രത്തിന്റെ കരട് സർക്കാരിലേക്ക് തിരികെ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ 21/ 5/ 2018 -ൽ സ്പോർട്സ് യുവജന കാര്യ സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം ധാരണാ പത്രത്തിൽ കാലാവധി നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തേണ്ട ഭേദഗതി ഒഴികെ മറ്റെല്ലാ ഭേദഗതികളും വരുത്തണമെന്ന് ധാരണയാവുകയും അപ്രകാരം ഭേദഗതി വരുത്തിയ MOU സർവ്വകലാശാലയ്ക്ക് അയച്ചു കൊടുക്കുകയും ചെയ്തു .അപ്രകാരം ഭേദഗതിവരുത്തിയ M O U വീണ്ടും ലീഗൽ അഡ്വൈസർ പരിശോധിക്കുകയും ഏക്കർ കണക്കിന് സർവകലാശാല ഭൂമി നഷ്ടപ്പെടുത്തുന്നത് കൊണ്ട് സർവ്വകലാശാലക്ക് പറയത്തക്ക നേട്ടങ്ങൾ ഉണ്ടാകുമെന്ന് അഭിപ്രായമില്ലെന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട് . ഈ വിഷയവുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി സർവ്വകലാശാല ടീച്ചേഴ്സ് അസോസിയേഷനും മഹാത്മാഗാന്ധി സർവ്വകലാശാല എംപ്ലോയീസ് യൂണിയനും സർവകലാശാല ക്യാമ്പസ്സിൽ നിന്ന് മറ്റ് ആവശ്യങ്ങൾക്കായി പത്ത് ഏക്കർ സ്ഥലം വിട്ടു നൽകുന്നതിന് എതിരെ ബഹു വൈസ് ചാൻസലർക്ക് ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി .മേൽ വിഷയങ്ങൾ 30.06.2018 ൽ ചേർന്ന സർവകലാശാല സിൻഡിക്കേറ്റ് യോഗം പരിശോധിക്കുകയും 'വിശദമായ പഠനത്തിന് സിൻഡിക്കേറ്റിന്റെ പ്ലാനിംഗിനും വികസനത്തിനുമായുള്ള ഉപസമിതിയുടെ പരിഗണനയ്ക്ക് നൽകുന്നതിനും തീരുമാനിച്ചു .'

2016 - 2017 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ സൂസൻ മേബിൾ തോമസിന്റെ സ്മാരകമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഇൻഡോർ സ്റ്റേഡിയം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സ്ഥാപിക്കണമെന്ന് നിർദ്ദേശം നിലവിലുണ്ടെന്നും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരള സ്പോർട്സ് കൗൺസിലും സർവ്വകലാശാല അധികൃതരും നടത്തിയ കൂടിക്കാഴ്ചകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ

കരാർ അനന്തര നടപടികൾക്കായി സർവ്വകലാശാലയ്ക്ക് സമർപ്പിച്ചെങ്കിലും ടി വിഷയത്തിൽ നാളിതുവരെ നടപടികൾ ഒന്നും ആയിട്ടില്ലെന്നും പ്രസ്തുത കരാർ പരിശോധിച്ച് അനന്തര നടപടികൾ കൈക്കൊള്ളുന്ന കാര്യം പരിഗണിക്കണമെന്നും പരാമർശം (2) പ്രകാരം അഭിപ്രായപ്പെട്ടിരുന്നു . ടി വിഷയത്തിൽ പരാമർശം ( 3 ) പ്രകാരം 13/10/2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടു.
"മതിയായ വിശദീകരണങ്ങൾ ഉൾക്കൊള്ളിച്ചു പുന:സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നതിനു തീരുമാനിച്ചു". അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പരാമർശം (5) പ്രകാരം 13/10/2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ "ഫയലിലെ വിഷയം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആസൂത്രണത്തിനും വികസനത്തിനും വേണ്ടിയുള്ള സിൻഡിക്കേറ്റ് ഉപസമിതി കൺവീനർ, സിൻഡിക്കേറ്റ് ധനകാര്യ ഉപസമിതി കൺവീനർ, സിൻഡിക്കേറ്റ് നിയമകാര്യ ഉപസമിതി കൺവീനർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ നിയോഗിക്കാൻ തീരുമാനിച്ചു ."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1) വി .സി / പി .വി .സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
(2)രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
(3) ജോയിന്റ് രജിസ്ട്രാർ III (ഭ .വി )
(4) എ സി സി 1 സെക്ഷൻ
(5) ജോയിന്റ് ഡയറക്ടർ , KSAD
(6) സി എം എസ് / IQAC
(7) റെക്കോർഡ് സെക്ഷൻ
(8) എസ് എഫ് / എഫ് സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 109/P&D 3/1/2019/REG SECT Approved by DEPUTY REGISTRAR (P & D) on 16-Nov-2020 10:56 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം